# സംസ്ഥാനത്ത് നീരയുൽപാദിപ്പിക്കാൻ അനുമതി

തിരുവനന്തപുരം: സംസ്ഥാനത്ത് നീരയുടെയും അതിൽ നിന്നുള്ള മൂല്യവർധിത ഉൽപ്പന്നങ്ങളുടെയും ഉൽപാദനത്തിന് മന്ത്രിസഭാ യോഗം അനുമതി നൽകി. ഇതു സംബന്ധിച്ച് പഠിക്കാൻ സർക്കാർ നിയോഗിച്ച ഉന്നത സമിതിയുടെ ശിപാർശയനുസരിച്ചാണ് വ്യവസ്ഥകളോടെ നീരയുൽപാദനത്തിന് അനുമതി നൽകിയതെന്ന് എക്സൈസ് മന്ത്രി കെ. ബാബു അറിയിച്ചു. ഉൽപാദനം, വിപണനം എന്നിവ നടപ്പാക്കാൻ അബ്കാരി ചട്ടങ്ങളിൽ മാറ്റം വരുത്തും. കള്ളുഷാപ്പുകളിൽ നീര വിൽക്കാൻ അനുവദിക്കില്ല.

കള്ള് ചെത്ത് തൊഴിലാളികൾക്ക് നീര ചെത്താൻ മുൻഗണന നൽകും. ഇവരുടെ അഭാവത്തിൽ നീര ടെക്നിഷ്യന്മാർക്ക് നാളികേര വികസന ബോർഡ് പരിശീലനം നൽകും.

തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട ജില്ലകളിൽ രണ്ടുവീതം യൂനിറ്റുകൾക്കും മറ്റു ജില്ലകളിൽ ഓരോ യൂനിറ്റുകൾക്കുമാണ് പരീക്ഷണാടിസ്ഥാനത്തിൽ അനുമതി നൽകിയത്. ടോഡി- നീര ബോർഡ് രൂപീകരിക്കുന്നതിന് പ്രായോഗിക നിർദേശങ്ങൾ സമർപ്പിക്കുന്നതിന് നികുതി വകുപ്പ് സെക്രട്ടറിയെ നിയോഗിക്കുമെന്നും മന്ത്രി പറഞ്ഞു.